**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **04-02-2026 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ (FYUGP) പ്രവർത്തനം കൃത്യമായി നിരീക്ഷിക്കുന്നതിനായി നിരന്തരമായ അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. പാഠ്യപദ്ധതിയിലെ പോരായ്മകൾ പരിഹരിക്കാനും, കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാനും പ്രത്യേക വിദഗ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതികളുടെ ശിപാർശ പ്രകാരം പ്രോഗ്രാമുകളുടെ ഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് പദ്ധതി മുന്നോട്ട് പോകുന്നത്. |
| (ബി) | നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സവിശേഷതകളായ പ്രധാന വിഷയങ്ങളിലെ മാറ്റം, കോളേജ് മാറ്റം, അന്തർ സർവകലാശാല മാറ്റം എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | കേരളത്തിൽ ആരംഭിച്ച നാലുവർഷ ബിരുദ പദ്ധതി (FYUGP) വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിൽ വിപുലമായ അവസരങ്ങൾ നൽകുന്നു. മേജർ - മൈനർ സംവിധാനം വഴി താൽപര്യമുള്ള വിഷയങ്ങൾ പഠിക്കാനുള്ള സ്വാതന്ത്ര്യം, പഠനത്തോടൊപ്പം അനുബന്ധ മേഖലകളിൽ അറിവ് സമ്പാദിക്കാൻ ഉള്ള അവസരം എന്നിവ നിലവിൽ വന്നു. വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങൾ ഇടയ്ക്ക് വച്ച് മാറ്റാനുള്ള അക്കാദമിക് ഫ്ലക്സിബിലിറ്റി ഉണ്ട്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ പ്രത്യേകതകളിലൊന്നാണ് ക്രെഡിറ്റ് കൈമാറ്റം. ഇതിലൂടെ ഇന്റർ/ ഇൻട്രാ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ സംസ്ഥാനത്ത് നടപ്പിൽ വന്നിട്ടുണ്ട്. ഇതുവഴി കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്ന് ഒന്നാം വർഷം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക്, അവരുടെ ക്രെഡിറ്റുകൾ നിലനിർത്തിക്കൊണ്ടുതന്നെ കേരളത്തിലെ സർവ്വകലാശാലകളിൽ രണ്ടാം വർഷത്തേക്ക് നേരിട്ട് പ്രവേശനം നേടാൻ സാധിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | നാലുവർഷ ബിരുദ പ്രോഗ്രാമിൽ പരീക്ഷ നടത്തിപ്പ്, റിസൾട്ട് പ്രഖ്യാപനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (സി) | പരീക്ഷകളും ഫലപ്രഖ്യാപനവും കൃത്യ സമയത്ത് നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏകീകൃത അക്കാദമിക് കലണ്ടർ നടപ്പിലാക്കിയിട്ടുണ്ട്. പരീക്ഷാ നടപടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തതോടെ, പരീക്ഷ കഴിഞ്ഞ് ഒരാഴ്ച്ച മുതൽ പരമാവധി ഒരു മാസത്തിനുള്ളിൽത്തന്നെ ഫലങ്ങൾ പ്രസിദ്ധീകരിക്കാൻ സർവ്വകലാശാലകൾക്ക് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ